**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2811** **06-10-2025 - ൽ മറുപടിയ്ക്ക്**

**മാറംപിള്ളി സഹകരണ ബാങ്കുമായി ബന്ധപ്പെട്ട വ്യാജ ലോൺ പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ മാറംപിള്ളി സർവീസ് സഹകരണ ബാങ്കിലെ വ്യാജലോൺ വിഷയവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ മാറംപള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ബാങ്കിന്റെ മുൻ പ്രസിഡന്റും ഭാര്യയും ചേർന്ന് ഈട് വസ്തുവിന്റെ പ്രമാണത്തിന്റെ വ്യാജരേഖയുണ്ടാക്കി വായ്പ എടുത്തുവെന്ന് ആരോപിച്ച് ശ്രീ.ഹൈദർ ബാബു വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ച പരാതിയിൽ സഹകരണ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിലെ ശുപാർശകൾ താഴെ പറയും പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ബാങ്കിൽ നിന്ന് ശ്രീ.അബ്ദുൾ അസീസ് മുതൽ പേർക്ക് ലോണുകൾ ക്രമവിരുദ്ധമായും നടപടികൾ പാലിക്കാതെയും പാസ്സാക്കി നൽകിയതിൽ ബാങ്കിന് നഷ്ടം സംഭവിച്ച കാര്യത്തിന് സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടി സ്വീകരിച്ച് കുറ്റക്കാരിൽ നിന്നും നഷ്ടം ഈടാക്കാവുന്നതാണെന്നും ശുപാർശ ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണത്തിന് എറണാകുളം ജോയിന്റ് രജിസ്ട്രാർ ആഫീസിൽ നിന്നും ഉത്തരവായിട്ടുള്ളതാണ്. കൂടാതെ കെ.എം.അബ്ദുൽ അസീസ് പ്രസിഡന്റ് ആയിരിക്കെ തന്റെ പദവി ദുരുപയോഗം ചെയ്ത് അനധികൃതമായി ലോൺ കൈപ്പറ്റിയ കാര്യത്തിന് ടി കാലയളവിലെ ലോണിനു 18% പലിശ ഈടാക്കാനുള്ള എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ഉത്തരവിനെതിരെ ബഹു: ഹൈക്കോടതിയിൽ നൽകിയ അന്യായം WP(C) No.40799 of 2024 ആയി ബഹു: ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ ടിയാനെതിരെയുള്ള നടപടികൾ മേൽ അന്യായത്തിൽ ബഹു: ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് അനുസരിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സഹകരണ വിജിലൻസ് അന്വേഷണ പ്രകാരമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മാറംപള്ളി സർവ്വീസ് സഹകരണ ബാങ്കിലെ മുൻ പ്രസിഡന്റ് ശ്രീ.കെ.എം.അബ്ദുൽ അസീസ്, സെക്രട്ടറി ആയിരുന്ന ശ്രീമതി.ടി.സി.രമണി, ഭരണസമിതി അംഗങ്ങൾ എന്നിവർക്കെതിരെ കേരള സഹകരണ നിയമം 1969 ലെ 94(8എ), (8ബി) വകുപ്പുകൾ പ്രകാരവും, 2018 ലെ അഴിമതി നിരോധന (ഭേദഗതി) നിയമം വകുപ്പ് 13(1) (a) r/w 13(2) എന്നിവ പ്രകാരവും, ഇന്ത്യൻ ശിക്ഷാ നിയമം വകുപ്പ് 409, 120(b) r/w 34 പ്രകാരവും എറണാകുളം ജില്ലാ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോവിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബാങ്കിൽ നടത്തിയ നിയമനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഈ വിഷയത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | മാറംപിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ വിവിധ തസ്തികകളിലേയ്ക്ക് നടത്തിയ നിയമനങ്ങളിലെ ക്രമക്കേട് ആരോപിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരെയും ബാങ്കിനെയും നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് നിയമനം നടത്തുന്നതിന് ബാങ്കിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിയമനത്തിലെ ക്രമക്കേട് ആരോപിച്ച് ശ്രീമതി.സുമാഹിയ എം.എം ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)36567/2023 - മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നിലവിൽ അന്വേഷണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ